# പരിശീലന അനുഭവം

പ്രേംദാസ്.എസ്.വി
എ.ഡി.എം.സി
കുടുംബശ്രീ, പാലക്കാട്

2005 കാലഘട്ടത്തിൽ കോഴിക്കോട്, ഐ.ഐ.എം ഡയറക്ടർ ആയിരുന്ന ശ്രീ.ദേബശിഷ് ചാറ്റർജിയുടെ, മാതൃഭൂമി പത്രത്തിൽ ബുധനാഴ്ച തോറും വന്നിരുന്ന പംക്തി വായിച്ചുകൊണ്ടാണ് ഞാൻ ഐ.ഐ.എം നെക്കുറിച്ച് അറിയുന്നത്. എന്നെങ്കിലും ഐ.ഐ.എം ലെ ഒരു പരിശീലനത്തിൽ പങ്കെടുക്കുവാൻ കഴിയുമെന്ന് കരുതിയതേയില്ല. ഇന്ത്യയിലെ ഈ പ്രശസ്ത സ്ഥാപനത്തിൽ 2017 ജൂലായ് 21,22 തിയതികളിൽ 'മാനേജ്മെന്റ് ഡവലപ്പ്മെന്റ്" പരിശീലനത്തിനായി എത്തിച്ചേർന്നപ്പോൾ 300 ഏക്കറിലധികം വരുന്ന കാമ്പസ്സിന്റെ മനോഹാരിതയും പരിസ്ഥിതി സൗഹൃദവുമാണ് ആദ്യമായി ആകർഷിച്ചത്. കാമ്പസ്സിലെ 3 തടാകങ്ങളിൽ സംഭരിക്കപ്പെടുന്ന മഴവെള്ളത്തിൽ നിന്ന് ശുദ്ധീകരിച്ചുള്ള കുടിവെള്ളമാണ് കാമ്പസ്സിന് മൊത്തമായി ഉപയോഗിക്കുന്നത് എന്ന് ഞങ്ങളുടെ പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊ.പ്രിയാ നായർ രാജീവ് പറഞ്ഞപ്പോൾ ഐ.ഐ.എമ്മിനേക്കുറിച്ച് ഒന്നുകൂടി അഭിമാനം തോന്നി. കാമ്പസ്സിലെ കെട്ടിടങ്ങളുടെ നിർമ്മാണ ചാതുരിയും മ്യൂസിയവും അന്താരാഷ്ട്ര നിലവാരമുള്ളവ തന്നെയാണ്. വിവിധ ജില്ലകളിൽ നിന്നുമെത്തിയ 30 പേർ അടങ്ങുന്ന ഡി.എം.സി, എ.ഡി.എം.സി മാരാണ് പ്രോഗ്രാമിൽ പങ്കെടുത്തത്. കുറ്റമറ്റ ഭക്ഷണ വിതരണവും, താമസവും, ജീവനക്കാരുടെ പെരുമാറ്റവും, ശാന്തമായ അച്ചടക്കമുള്ള അന്തരീക്ഷവും ശ്ലാഘനീയം തന്നെയാണ്. അന്താരാഷ്ട്ര നിലവാരമുള്ള ലൈബ്രറി കിടയറ്റതാണ്.

21/07/2017 ന് രാവിലെ കൃത്യം 9.30 മണിയ്ക്ക് തന്നെ പ്രോഗ്രാം കോ-ഓർഡിനേറ്റർ, പ്രൊ.പ്രിയാ നായർ രാജീവ് സ്വാഗത പ്രസംഗം നടത്തി. സ്റ്റേറ്റ് മിഷന്റെ പ്രതിനിധിയായി ശ്രീ.പ്രഭാകരൻ മേലത്തും സംസാരിച്ചു.

'Understanding dimensions of organizational excellence' എന്ന വിഷയത്തിൽ പ്രൊ.പ്രിയാ നായരുടെ ക്ലാസ്സ് എന്തുകൊണ്ടും സാധ്യതകൾ മനസ്സിലാക്കിപ്പിക്കുന്നതായിരുന്നു. തുടർന്ന് 6 വിഷയങ്ങളായി തിരിച്ചുള്ള ഗ്രൂപ്പ് ചർച്ചയും അവതരണവും നടന്നു. 'shared values' എന്ന വിഷയത്തിലുള്ള ഗ്രൂപ്പ് ചർച്ച ക്രോഡീകരിച്ച് അവതരിപ്പിക്കുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. ഓരോ ഗ്രൂപ്പും ചർച്ച ക്രോഡീകരിച്ച് അവതരിപ്പിച്ച ശേഷം സംശയങ്ങൾ പരസ്പരം പങ്കുവെച്ച് വിഷയത്തിൽ ക്ലിപ്തത വരുത്തുകയുണ്ടായി. 5.45 pm ന് അന്നത്തെ പ്രോഗ്രാം അവസാനിപ്പിച്ചു.

22/07/2017 ന് "change managementഎന്ന വിഷയം ഡോ:സിമി ജോയ് അവതരിപ്പിച്ചു. നമ്മുടെ ലക്ഷ്യം നേടുവാൻ ഒരു ചക്രത്തിന്റെ 10 ആരക്കാലുകൾ പോലെ 10 മാർഗ്ഗങ്ങൾ കൂട്ടിച്ചേർത്തു. സംഘടനാ തലത്തിലും, പ്രോഗ്രാം തലത്തിലും വേണ്ട ആറ് മാറ്റങ്ങൾ പൊതുവായി ചർച്ച ചെയ്ത് ബോർഡിൽ കുറിച്ചിടുകയും ആ വിഷയങ്ങളിലെ ലക്ഷ്യങ്ങൾ നേടുവാൻ നേരത്തേ പറഞ്ഞ 10 മാർഗ്ഗങ്ങൾ എങ്ങനെ പ്രയോഗിക്കാമെന്ന് ആറു ഗ്രൂപ്പുകളായി ചർച്ച ചെയ്തു. ഓരോ ഗ്രൂപ്പ് ലീഡറും ചർച്ച ക്രോഡീകരിച്ച് അവതരിപ്പിച്ചു. ഞങ്ങളുടെ ഗ്രൂപ്പ് ചർച്ചയുടെ റിപ്പോർട്ട് അവതരിപ്പിച്ചത് എന്റെ സഹപ്രവർത്തകനായ പാലക്കാട് എ.ഡി.എം.സി ശ്രീ. ദിനേഷ് ആണ്.

ലക്ഷ്യം (Goal)നേടാനുള്ള 10 മാർഗ്ഗങ്ങൾ ഇവയാണ്-

1. Common theme, shared vision

2. Symbols and signals

3. Governance & Accountability structure

4. Education, Training,Action tools

5. Champions and Sponsors

6. Quick wins and local innovations

7. Communications, best practice exchange

8. Policy, procedures,system alignment

9. Measures, Milestones and feedback

10. Rewards and recognition

തുടർന്ന് ടീം വർക്ക് അറിയാനുള്ള ആക്റ്റിവിറ്റി ആയിരുന്നു. ആറ് ഗ്രൂപ്പും, ഓരോ ഗ്രൂപ്പിനും ഒരു നിരീക്ഷകനും ഉണ്ടായിരുന്നു. നിരീക്ഷകന് കോ-ഓർഡിനേറ്റർ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. തന്ന വസ്തുക്കൾ വെച്ചുകൊണ്ട് കുടുംബശ്രീയുമായി ബന്ധപ്പെട്ട പിരമിഡ് ഉണ്ടാക്കുവാനാണ് പറഞ്ഞത്. എല്ലാ ഗ്രൂപ്പുകാരും NHG,ADS,CDS,District Mission,State Mission എന്നീ സെക്ഷനുകളായുള്ള പിരമിഡുകൾ ആണ് ഉണ്ടാക്കിയത്. ഈ ആക്റ്റിവിറ്റിയിലൂടെ ടീം വർക്കിന്റെ മെച്ചവും, പരസ്പര ധാരണയും, പങ്കുവെയ്ക്കലുകളുടെ മേന്മയും തിരിച്ചറിയുവാൻ കഴിഞ്ഞു.

ആക്റ്റിവിറ്റി വിലയിരുത്തി ഓരോ നിരീക്ഷകനും സംസാരിച്ചു. മൊത്തം വിലയിരുത്തി കോ-ഓർഡിനേറ്റർ സംസാരിച്ചു. 5.30 ന് ഓരോരുത്തർക്കും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. രണ്ടു ദിവസത്തെ പ്രോഗ്രാമിനെക്കുറിച്ച് വിലയിരുത്തി സംസാരിച്ചത് പാലക്കാട് എ.ഡി.എം.സി ആയ പ്രേംദാസും, സ്റ്റേറ്റ് മിഷനിലെ ജെയ്സൺ ടി.ജെ യും ആയിരുന്നു. സ്റ്റേറ്റ് മിഷനിലെ ശ്രീ.പ്രഭാകരൻ മേലത്ത് നന്ദി പറഞ്ഞ് എല്ലാവരും പിരിഞ്ഞു.

കുടുംബശ്രീയുടെ ദിശാമാറ്റത്തിന്റെ ചുവടുവെയ്പ്പാണ് കോഴിക്കോട് IIM ൽ നടന്ന ഈ മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാം. ഇവിടെ നിന്ന് കിട്ടിയ മാനേജ്മെന്റ് ആശയങ്ങളും, പോസിറ്റീവ് ചിന്തകളും, ടീം വർക്ക് നടത്തുവാനുള്ള ആവേശവും തുടർന്നുള്ള കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് ഉപകരിക്കും എന്ന കാര്യത്തിൽ തർക്കമില്ല എന്നുള്ളതാണ് പ്രോഗ്രാമിൽ പങ്കെടുത്തവരുടെ മൊത്തത്തിലുള്ള അഭിപ്രായമെന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞത്. കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽ പുതുമയും, ഊർജ്ജസ്വലതയും പ്രദാനം ചെയ്യുവാൻ ഇത്തരം അന്താരാഷ്ട്ര നിലവാരമുള്ള പരിശീലനങ്ങൾക്ക് കഴിയുമെന്നതിൽ തർക്കമില്ല.

*************************************************************************************